കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ.150/2025** **തിരുവനന്തപുരം, തീയതി: 08.07.2025**

# പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം – 2025
## രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.
## കോളേജ് പ്രവേശനം ജൂലൈ 14, 15 തീയതികളിൽ

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലേക്കുള്ള 2025-26 അധ്യയന വർഷത്തിലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് വെബ്സൈറ്റിൽ (https://admissions.keralauniversity.ac.in/pg2025) പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് അപേക്ഷാ നമ്പറും പാസ്സ് വേർഡും ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗ് ഇൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചവർ നിശ്ചിത സർവകലാശാല ഫീസ് ഓൺലൈനായി ഒടുക്കേണ്ടതാണ്. ആദ്യ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ച് ഫീസ് അടച്ചവർ വീണ്ടും അടയ്ക്കേണ്ടതില്ല.

അലോട്ട്മെന്റ് ലഭിച്ച് ഓൺലൈനായി ഫീസ് അടച്ച അപേക്ഷകർ പ്രൊഫൈലിൽ ലോഗിൻ ചെയ്ത ശേഷം അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റ് എടുക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ ലഭ്യമാക്കിയിട്ടുണ്ട്. മെമ്മോയിൽ പറഞ്ഞിരിക്കുന്ന തീയതികളിൽ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം കോളേജിൽ ഹാജരായി സ്ഥിര അഡ്മിഷൻ (Permanent Admission) എടുക്കേണ്ടതാണ്. ഈ ഘട്ടത്തിൽ Temporary Admission അനുവദിക്കുന്നതല്ല. ഏതെങ്കിലും കാരണത്താൽ നിശ്ചിത തീയതിക്കോ സമയത്തിനുള്ളിലോ കോളേജിൽ ഹാജരാകാൻ സാധിക്കാത്തവർ അതാത് കോളേജിലെ പ്രിൻസിപ്പലുമായി ബന്ധപ്പെടേണ്ടതാണ്. സ്ഥിര അഡ്മിഷൻ എടുക്കുന്ന വിദ്യാർത്ഥികൾ ഈ അലോട്ട്മെന്റിന് ശേഷം വരുന്ന സപ്ലിമെന്ററി അല്ലോട്മെന്റിലേക്ക് ഓപ്ഷൻ നൽകുന്ന പക്ഷം ആയതിലേക്ക് പരിഗണിക്കുന്നതാണ്. ആദ്യ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ച് Temporary Admission എടുത്ത എല്ലാ വിദ്യാർത്ഥികളും സ്ഥിര അഡ്മിഷൻ എടുക്കേണ്ടതാണ്. ആദ്യ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ച് ഹയർ ഓപ്ഷൻ നിലനിർത്തിയ വിദ്യാർത്ഥികൾക്ക് രണ്ടാം ഘട്ട അലോട്മെന്റിൽ മാറ്റം ഉണ്ടെങ്കിൽ പുതുതായി ലഭിച്ച അലോട്ട്മെന്റിൽ അഡ്മിഷൻ എടുക്കേണ്ടതാണ്. ഇല്ലാത്ത പക്ഷം രണ്ട് അഡ്മിഷനും ക്യാൻസൽ ആകുന്നതാണ്.

## കേരളസർവകലാശാലയിലെ പഠന വകുപ്പുകളിലേക്കുള്ള രണ്ടാംഘട്ട പ്രവേശനം

കേരളസർവകലാശാലയിലെ പഠന വകുപ്പുകളിലേക്കുള്ള എംഎ, എംഎസ്‌സി, എംടെക്, എംസിജെ, എംകോം, എംലിബ്ഐഎസ്‌സി, എൽഎൽഎം, എംഎസ്ഡബ്ല്യൂ, എംഎഡ്, എന്നീ പ്രോഗ്രാമുകളിലേക്കുള്ള രണ്ടാംഘട്ട പ്രവേശനം 2025 ജൂലൈ 14ന് അതാത് പഠന വകുപ്പുകളിലായി നടക്കും രണ്ടാംഘട്ട അലോട്ട്മെന്റിനായി ഹാജരാകേണ്ട വിദ്യാർത്ഥികൾ അവരുടെ അഡ്മിഷൻ പ്രൊഫൈലിൽ നിന്ന് അഡ്മിഷൻ മെമ്മോ ഡൗൺലോഡ് ചെയ്ത് ആവശ്യമായ രേഖകളോടുകൂടി പ്രവേശന സമയത്ത് ഹാജരാകണം. വിശദവിവരങ്ങൾക്ക് ഫോൺ: 0471 2308328, 9188524612, ഇമെയിൽ: csspghelp2025@gmail.com.

## പരീക്ഷാഫലം

കേരളസർവകലാശാല ഒന്നാം ബിബിഎ (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി 2023 അഡ്മിഷൻ, സപ്ലിമെന്ററി 2020 - 2022 അഡ്മിഷൻ, മേഴ്സി ചാൻസ് 2013 - 2018 അഡ്മിഷൻ) നവംബർ 2024 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 18 വരെ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.

കേരള സർവകലാശാല ബി.ടെക് പാർട്ട് ടൈം റീസ്ട്രക്ചേർഡ് കോഴ്സ് നാലാം സെമസ്റ്റർ  മെയ് 2024 (2013 സ്കീം), ആറാം സെമസ്റ്റർ - നവംബർ 2024 (2013 സ്കീം), ആറാം സെമസ്റ്റർ - നവംബർ 2024 (2008 സ്കീം), എട്ടാം സെമസ്റ്റർ - ഡിസംബർ 2024 (2013 സ്കീം) എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല 2025 ഓഗസ്റ്റ് 12ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് ബിഎ/ബികോം/ബിബിഎ എൽഎൽബി ബിരുദ പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല 2025 ജൂലൈ 29 ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ത്രിവത്സരം യൂണിറ്ററി എൽഎൽബി (റെഗുലർ, സപ്ലിമെന്ററി മേഴ്സിചാൻസ്) ഡിഗ്രി പരീക്ഷയുടെ വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2025 ജൂലൈയിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ ബിഎഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ [ഇന്റലക്ച്വൽ ഡിസബിലിറ്റി] (2015 സ്കീം -റെഗുലർ 2024 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി 2023 അഡ്മിഷൻ), നാലാം സെമസ്റ്റർ സ്പെഷ്യൽ എഡ്യൂക്കേഷൻ [ഇന്റലക്ച്വൽ ഡിസബിലിറ്റി] (2015 സ്കീം - റെഗുലർ 2023 അഡ്മിഷൻ & മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു വിശദവിവരം വെബ്സൈറ്റിൽ.

## പരീക്ഷാകേന്ദ്രം

കേരളസർവകലാശാല 2025 ജൂലൈ 18ന് ആരംഭിക്കുന്ന രണ്ടാം വർഷ ബിബിഎ ആന്വൽ സ്കീം പ്രൈവറ്റ് രജിസ്ട്രേഷൻ ഡിഗ്രി പരീക്ഷയ്ക്ക് ആലപ്പുഴ ജില്ല പരീക്ഷ കേന്ദ്രമായി അപേക്ഷിച്ച റെഗുലർ വിദ്യാർത്ഥികൾ (2023 അഡ്മിഷൻ) ആലപ്പുഴ എസ്.ഡി കോളേജിലും, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി, മേഴ്സിചാൻസ് വിദ്യാർത്ഥികൾ യു.ഐ.ടി ആലപ്പുഴയിലും, പത്തനംതിട്ട ജില്ല പരീക്ഷ കേന്ദ്രമായി അപേക്ഷിച്ചവർ അടൂർ സെന്റ് സിറിൾസ് കോളേജിലും, കൊല്ലം ജില്ല പരീക്ഷ കേന്ദ്രമായി അപേക്ഷിച്ചവർ കൊല്ലം എസ്.എൻ കോളേജിലും പരീക്ഷ എഴുതേണ്ടതാണ്. തിരുവനന്തപുരം ജില്ല പരീക്ഷ കേന്ദ്രമായി അപേക്ഷിച്ച റെഗുലർ ഇംപ്രൂവ്മെന്റ് (2022 അഡ്മിഷൻ) പെൺകുട്ടികൾ വഴുതക്കാട് ഗവ. വിമെൻസ് കോളേജിലും, ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്ക് അപേക്ഷിച്ച ആൺകുട്ടികളും സപ്ലിമെന്ററി, മേഴ്സി ചാൻസ് പരീക്ഷയ്ക്ക് അപേക്ഷിച്ച വിദ്യാർത്ഥികളും കേശവദാസപുരം എം.ജി കോളേജിലും പരീക്ഷ എഴുതേണ്ടതാണ്. ഹാൾടിക്കറ്റുകൾ അതാത് പരീക്ഷ കേന്ദ്രത്തിൽ നിന്ന് ജൂലൈ 14 മുതൽ ലഭ്യമാകും.

## സൂക്ഷ്മ പരിശോധന

കേരളസർവകലാശാല ഏഴാം സെമസ്റ്റർ ബി.ടെക്. (2020 സ്കീം) ജനുവരി 2025 പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി റീവാല്യൂവേഷൻ സെക്ഷനിൽ (ഇ.ജെ.VII) ജൂലൈ 14 മുതൽ ജൂലൈ 16 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

## ഹെൽത്ത് സയൻസ് പ്രോഗ്രാമുകളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു

കേരളസർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം ചൈൽഡ് ഡെവലൊപ്മെന്റ് സെന്ററുമായി (CDC) സഹകരിച്ചു നടത്തുന്ന, പി.ജി. ഡിപ്ലോമ ഇൻ അഡോളസെന്റ് ആൻഡ് ഫാമിലി കൗൺസിലിങ് കോഴ്സിലേയ്ക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. യോഗ്യത:M.A Psychology/ Sociology/Anthropology/ MSW/ MSc. Child Development/ Home Science/ Nutrition or any other Masters Degree/ B.Sc Nursing/ PGDCCD or DCCD with graduation recognized by Kerala University. ഒരു വർഷമാണ് കോഴ്സ് കാലാവധി. ഉയർന്ന പ്രായപരിധിയില്ല. കോഴ്സ് ഫീസ്: Rs.25000/- .സർവകലാശാല വെബ്സൈറ്റിൽ (www.keralauniversity.ac.in) നിന്നും ഡൌൺലോഡ് ചെയ്ത് പൂരിപ്പിച്ച അപേക്ഷാഫോമും SBI ബാങ്കിൽ A/C No. 57002299878 ൽ Rs. 500/- രൂപ അടച്ച രസീത് അല്ലെങ്കിൽ CACEE ഡയറക്ടറുടെ പേരിൽ SBI യിൽ നിന്നും എടുത്ത Rs.500/- രൂപയുടെ D.D യും സർട്ടിഫിക്കറ്റുകളുടെ കോപ്പികളും സഹിതം സി.എ.സി.ഇ.ഇ. ഓഫീസിൽ ആണ് അപേക്ഷ സമർപ്പിക്കേണ്ടത്. പൂരിപ്പിച്ച അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 2025 ജൂലൈ 31.വിലാസം : ഡയറക്ടർ, സി.എ.സി.ഇ.ഇ., യൂണിവേഴ്സിറ്റി ഓഫ് കേരള, സ്റ്റുഡന്റ്സ് സെന്റർ ക്യാമ്പസ്, PMG.Jn., വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം.വിശദ വിവരങ്ങൾക്ക് CACEE- 0471-2302523, CDC- 0471 2553540.

പബ്ലിക് റിലേഷൻസ ഓഫ‍ിസര (ഇന - ചാർജ്ജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**/
**Website:** **www.keralauniversity.ac.in**

| |
|---|
| ***University information is available on*** **9188526670, 9188526671, 9188526674, 9188526675** **Whats App No. 8547330240** |